**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3870** **09-10-2025 - ൽ മറുപടിയ്ക്ക്**

**മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ബഡ്ജറ്റ് തുക ഉപയോഗിച്ചുള്ള മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. മൂന്നാർ ഡിപ്പോയിൽ പുതിയ ബസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 2024-25 ബഡ്ജറ്റിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമീപത്തുള്ള പുഴയിൽ നിന്നും കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം വരെയുള്ള ദൂരപരിധി നിശ്ചയിക്കേണ്ടതുണ്ട്. PWD യുടെ നിർദ്ദേശ പ്രകാരം കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് മുതിരപ്പുഴ ആറിൽ നിന്നുള്ള ദൂരപരിധി സംബന്ധിച്ച വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിനായി ദേവികുളം എം.എൽ.എ.യുടെ അധ്യക്ഷതയിൽ സബ് കളക്ടർ ദേവികുളം, കെ.എസ്.ആർ.ടി.സി. സി.എം.ഡി., പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ എന്നിവരുമായി 19.04.2025-ന് യോഗം ചേരുകയുണ്ടായി. പ്രസ്തുത വിഷയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ ഉണ്ടെന്നും ദൂരപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ ഉത്തരവ് പുറപ്പെടുവിക്കാമെന്നും സബ് കളക്ടർ യോഗത്തിൽ അറിയിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത വിഷയത്തിൽ പരിഹാരം കാണാൻ സാധിക്കുമെന്ന ദേവികുളം എം.എൽ.എ.യുടെ ഉറപ്പിന്മേൽ പ്രസ്തുത പ്രവർത്തിക്കായുള്ള എസ്റ്റിമേറ്റുമായി പി.ഡബ്ല്യു.ഡി. മുന്നോട്ട് പോകാമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറും അറിയിക്കുകയുണ്ടായി. ആയതിൻ പ്രകാരം പി.ഡബ്ല്യു.ഡി. ഒരു ഡ്രാഫ്റ്റ് സെക്ച്ച് തയ്യാറാക്കി നൽകിയിരുന്നു. ദൂര പരിധി നിശ്ചയിച്ച കൊണ്ടുള്ള ഉത്തരവ് കളക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നവീകരണത്തിനോടനുബന്ധിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന വികസന പ്രവൃത്തികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | ബസ്സ് സ്റ്റേഷൻ കെട്ടിടത്തിന്റെയും യാർഡിന്റെയും നവീകരണമാണ് ഇപ്പോൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ